**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **03-02-2026 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ–എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണ്; ഇതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി സ്ഥലപരിശോധന നടന്നുവരികയാണ്. നിർമ്മിതികളുടെ വിലനിർണ്ണയം പൊതുമരാമത്ത് വകുപ്പ് മുഖേനയും, കാർഷികവിളകളുടെ വിലനിർണ്ണയം കൃഷി വകുപ്പ് മുഖേനയും നടന്നു വരുന്നു. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ) തയ്യാറാക്കലും അതിന്റെ അംഗീകാരവും സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണ്; ഇതിനായി സ്ഥല പരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി സ്ഥലപരിശോധന നടന്നുവരികയാണ്. നിർമ്മിതികളുടെ വിലനിർണ്ണയം പൊതുമരാമത്ത് വകുപ്പ് മുഖേനയും, കാർഷികവിളകളുടെ വിലനിർണ്ണയം കൃഷി വകുപ്പ് മുഖേനയും നടന്നു വരുന്നു. |
| (സി) | കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇത്രയും കാലം വൈകാൻ കാരണമായ പ്രധാന ഘടകങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ; | (സി) | പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന സർവ്വെ സബ് ഡിവിഷനുകൾ ജില്ലാ സർവ്വെ സൂപ്രണ്ട്, പദ്ധതിയുടെ തുടക്കത്തിൽ അംഗീകരിച്ച് നൽകിയത് പുതിയ ആക്ട് പ്രകാരമുള്ള വിജ്ഞാപനം അല്ല എന്ന് പിന്നീട് കണ്ടുപിടിച്ചതിനെ തുടർന്ന് ആദ്യം അംഗീകരിച്ചവ റദ്ദാക്കി പുതിയവ തയ്യാറാക്കി അംഗീകരിച്ച് വാങ്ങേണ്ടി വന്നത് കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സർവ്വെ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ സർവ്വെ നമ്പരുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടു വരുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്ന് അർത്ഥനാധികാരി അഡീഷണൽ റിക്വിസിഷൻ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 08.04.2025-ലെ സ.ഉ. (സാധാ) നം.898/2025/RD ഉത്തരവ് പ്രകാരം വിട്ടുപോയ സർവ്വേ നമ്പർ, വില്ലേജ് എന്നിവ ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതുമാണ്. കൂടാതെ, അലൈൻമെന്റിൽ നടത്തിയ മാറ്റങ്ങൾ മൂലം വീണ്ടും പുതിയ സബ് ഡിവിഷൻ അംഗീകരിക്കേണ്ടി വന്നതും പദ്ധതി വൈകാൻ കാരണമായിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ട സർവേ സബ് ഡിവിഷനുകൾ ആദ്യം പുതിയ ആർ.എഫ്. സി. ടി. എൽ. എ. ആർ. ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) നിയമ പ്രകാരമുള്ള 6(1) വിജ്ഞാപനം അനുസരിച്ച് അംഗീകരിക്കപ്പെടാതിരുന്നത് മൂലമുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് പിന്നീട് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ; | (ഡി) | 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പ്രകാരം സർവ്വെ അതിരടയാള നിയമം 6(1) പുറപ്പെടുവിച്ച് സർവ്വെ ജോലികൾ പൂർത്തിയാക്കി എല്ലാ സബ് ഡിവിഷനുകളും അംഗീകരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |
| (ഇ) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി 08-04-2025-ലെ സർക്കാർ ഉത്തരവിലൂടെ പുതുക്കിയ അനുമതി നൽകിയതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ഇ) | 11(1) അനുബന്ധ വിജ്ഞാപനം പുറപ്പെടുവിച്ചു. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി സ്ഥല പരിശോധന നടത്തി വരുന്നു. |
| (എഫ്) | ആർ. എഫ്. സി. ടി. എൽ. എ. ആർ. ആർ. നിയമ പ്രകാരം മഹസർ തയ്യാറാക്കൽ, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എഫ്) | 142 കൈവശങ്ങളുടേയും മഹസർ തയ്യാറാക്കിയിരുന്നു. നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയത്തിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, മഹസർ, വിശദ വില നിർണ്ണയ പത്രിക ( ഡി.വി.എസ്) എന്നിവ ഉൾപ്പെടെയുള്ള ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കി അവാർഡ് പാസാക്കുന്നതിനും സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും പ്രതീക്ഷിക്കുന്ന സമയപരിധി എത്രയാണ്; വ്യക്തമാക്കാമോ? | (ജി) | ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കി തുക അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ